GULATI INSTITUTE OF FINANCE AND TAXATION

*An Autonomous Institution of Government of Kerala*

**728/A/2023/GIFT** **Date: 27-01-2024**

<u>പ്രസ്സ് റിലീസ്</u>

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ആർ. സി. ബി. പി പ്രോഗ്രാമിനു അപേക്ഷ നീട്ടി.

കേരള സർക്കാർ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (GIFT), കേരള ഹയർ എഡ്യൂക്കേഷൻ കൗൺസിലുമായി ചേർന്നുകൊണ്ട് സംഘടിപ്പി ക്കുന്ന റിസർച്ച് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിലേക്ക് (ആർ.സി.ബി.പി) അപക്ഷ സ്വീകരിക്കുന്നതിനുള്ള **അവസാന തിയതി ഫെബ്രുവരി 5 ലേക്ക് നീട്ടി**. 60 മണിക്കൂർ അധ്യാപനത്തോടെ യുള്ള ഈ സർട്ടിഫിക്കറ്റ് പ്രോഗ്രാം പ്രധാനമായും ഗവേഷക വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഉദ്ദേശിച്ചുള്ളതാണ്. ഗവേഷണ ജീവിതത്തിലറിഞ്ഞിരിക്കേണ്ട അടിസ്ഥാനതത്വങ്ങൾ, രീതിശാസ്ത്ര ഉപകരണങ്ങൾ, വിവരശേഖരണം, ഡാറ്റ വിശ്ലേഷണം പ്രസിദ്ധീകരണം, ധാർമ്മികത തുടങ്ങിയ വിഷയങ്ങളെ സമന്വയിപ്പിച്ചു കൊണ്ട് 6 വിഭാഗങ്ങളിലായാണ് പ്രോഗ്രാം രൂപകല്പന ചെയ്തി ട്ടുള്ളത്. **ക്ലാസുകളുടെ ആദ്യപാദം ഓഫ്‌ലൈനായും, രണ്ടാംപാദം ഓൺലൈനായും ക്രമീകരിച്ചിട്ടുണ്ട്**. പ്രോഗ്രാമിൽ ചേരുന്നതിനുള്ള **അടിസ്ഥാന യോഗ്യത ഏതെങ്കിലും സോഷ്യൽ സയൻസ് വിഷയത്തിൽ ബിരുദാനന്തര ബിരുദമാണ്.** ഗവേഷണ താത്പരരായി ട്ടുള്ള അവസാന വർഷ ബിരുദാനന്തര ബിരുദ ധാരികൾക്കും അപേക്ഷിക്കാം പ്രോഗ്രാം സിലബസ്, ഫീസ്, പ്രോസ്പെക്ടസ്, അപേക്ഷാ ഫോറം എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾക്കായി, ഗിഫ്റ്റ് വെബ്സൈറ്റ്-www.gift.res.in സന്ദർശിക്കുക. കൂടുതൽ വ്യക്തതയ്ക്കായി താഴെ പറയുന്ന നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ് - 9746683106/ 9940077505.

ഡയറക്ടർ